# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 602 — 28/9/2016 -ൽ മറുപടിക്ക്

## ശുദ്ധജലക്ഷാമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോൺ ഫെർണാണ്ടസ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കൊച്ചി കോർപ്പറേഷനിലെ ഇടക്കൊച്ചി 13, 14, 15, 16 വാർഡുകളിലെ ശുദ്ധ ജലക്ഷാമം പരിഹരിക്കുന്നതിനായി അത്രൂർ പൂജപ്പുര ജംഗ്ഷൻ മുതൽ ഇടക്കൊച്ചി പാലം തെക്കേ അറ്റം വരെ പൈപ്പ് സ്ഥാപിക്കുന്ന 300 ലക്ഷം രൂപയുടെ പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) കൊച്ചി കോർപ്പറേഷനിലെ ഇടക്കൊച്ചി 13, 14, 15, 16 വാർഡുകളിലെ ശുദ്ധ ജലക്ഷാമം പരിഹരിക്കുന്നതിനായി അരൂർ പൂജപ്പുര ജംഗ്ഷൻ മുതൽ ഇടക്കൊച്ചി പാലം തെക്കേ അറ്റം വരെ പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ് നടപടികൾ പൂർത്തിയായിട്ടുണ്ട്. റോഡ് കട്ടിംഗ് അനുമതിക്ക് ആവശ്യമായ തുക ആലപ്പുഴ പൊതുമരാമത്ത് ഓഫീസിൽ അടച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കാവശ്യമായ പൈപ്പുകളും അനുബന്ധ സാമഗ്രികളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എക്സൈസ് തീരുവ ഒഴിവാക്കിക്കിട്ടുന്നതിനുള്ള പ്രീഡെലിവറി ഇൻസ്പെക്ഷനുള്ള നടപടികളും എടുത്തുവരുന്നു. പൊതുമരാമത്ത് വകുപ്പിൽ നിന്നും പദ്ധതി പ്രദേശത്തെ റോഡ് കട്ടിംഗിനുള്ള അനുമതി ലഭ്യമായാൽ മാത്രമേ ടി പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) പദ്ധതി പ്രദേശത്തെ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തികൾ ഉടൻ ആരംഭിക്കാൻ സാധ്യത ഉള്ളതിനാൽ, ടെണ്ടർ നടപടികൾ നേരത്തെ പൂർത്തീകരിച്ചിട്ടുള്ള പ്രസ്തുത പ്രവർത്തിക്കാവശ്യമായ പൈപ്പുകൾ ലഭ്യമാക്കി അടിയന്തരമായി പണികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

JSK/